## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1975 — 10.10.2011-ൽ മറുപടിക്ക്

### ജനനി സുരക്ഷാ യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പമന്ത്രി) |
| (എ) ജനനി സുരക്ഷ യോജന (ജെ.എസ്. വൈ) പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാന ദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) ജനനി സുരക്ഷ യോജന (ജെ.എസ്. വൈ) പ്രകാരം സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്. പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്കും പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.<br>• ഗ്രാമീണമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപയും<br>• നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിനു 600 രൂപയും<br>• വീട്ടിൽവച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും<br>• അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.<br>ബി.പി.എൽ കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന രേഖകളോ ഉള്ളവർക്കു സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത സഹായം ചെക്കുകൾ മുഖേന വിതരണം നടത്തിയാൽ മതി എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇതുമൂലം ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് നേരിട്ട് സഹായധനം നൽകിയിരുന്ന പഴയ രീതി പുനഃസ്ഥാപിക്കുമോ ;<br>(ഡി) ഇതിനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ ? | (സി)&(ഡി)<br>എല്ലാ ജെ.എസ്.വൈ ഉപഭോക്താക്കൾക്കുമുള്ള സഹായം ചെക്ക് മുഖേന നൽകണമെന്ന് കേന്ദ്രസർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ